<u>പതിനാലാം കേരള നിയമസഭ</u>

<u>രണ്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 688 — 03-11-2016-ൽ മറുപടിയ്ക്ക്

<u>പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പുരോഗതി ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽകുമാർ**<br>**" ഐ.സി ബാലകൃഷ്ണൻ**<br>**" വി.പി. സജീന്ദ്രൻ**<br>**" കെ. മുരളീധരൻ** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതി ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; | എ) | പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതി ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഭൂരഹിതർക്ക് പുനരധിവാസ പദ്ധതി<br>2. ഭവന രഹിതർക്ക് ധനസഹായ പദ്ധതി<br>3. ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതി.<br>4. വിദ്യാഭ്യാസാനുകൂല്യങ്ങൾ<br>5. രോഗബാധിതർക്കുള്ള ചികിത്സാധനസഹായം<br>6. നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം<br>7. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള വിവിധ തരം ധന സഹായങ്ങൾ.<br>8. പ്രീ-മെട്രിക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ<br>9. ലാപ്ടോപ് വാങ്ങുന്നതിന് ധന സഹായം<br>10. വിദേശത്ത് തൊഴിൽതേടുന്ന യുവാക്കൾക്ക് ധനസഹായം<br>11. വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം<br>12. അഭ്യസ്ഥ വിദ്യരും തൊഴിൽ രഹിതരുമായവർക്ക് മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം. |

| | | | |
|---|---|---|---|
| ബി) | അവരുടെ പുരോഗതിക്കു വേണ്ടി നീക്കിവച്ചിരിക്കുന്ന ഫണ്ട് വിവക്ഷിക്കപ്പെട്ട ഉദ്ദേശത്തിനായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്താനായി നിയമ നിർമ്മാണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ബി) യും സി) യും | പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പുരോഗതിക്കു വേണ്ടി നീക്കി വച്ചിരിക്കുന്ന ഫണ്ട് വിവക്ഷിക്കപ്പെട്ട ഉദ്ദേശത്തിനായി വിനിയോഗിക്കപ്പെടുന്നു എന്ന് പരിശോധിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ട്. വിശദാംശങ്ങൾ ആവിഷ്കരിച്ചുവരുന്നു. |
| സി) | പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഉള്ള സംവരണാനുകൂല്യം ഇവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ